പഞ്ചായത്തിലേക്കുള്ള റിസർവേഷൻ സീറ്റ്

* 320. [7] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ശതമാനം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർ ഉണ്ടായിരുന്നാലാണ് പഞ്ചായത്തിലേയ്ക്ക് ഒരു റിസർവേഷൻ സീറ്റ് അനുവദിക്കുന്നത് ;

(ബി) കൊടുമൺ പഞ്ചായത്തിൽ റിസർവേഷൻ സീറ്റ് ഏത് വാർഡിലാണ് ;

(സി) ആ വാർഡിൽ പട്ടികജാതിക്കാർ എത്രപേർ ഉണ്ട് ;

(ഡി) അയ്ക്കാട്ട്, ഇടഞ്ഞിട എന്നീ രണ്ട് വാർഡുകളിൽ പട്ടികജാതിക്കാർ എത്രപേർവീതം ഉണ്ട് ;

(ഇ) അയ്ക്കാട്ട്, ഇടഞ്ഞിട എന്നീ രണ്ട് വാർഡുകളിലും കൂടിയുള്ള പട്ടികജാതിക്കാരാണോ കൂടുതൽ, അതോ ഇപ്പോൾ റിസർവേഷൻ സീറ്റ് കിടക്കുന്ന കൊടുമൺ വാർഡിലാണോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) പഞ്ചായത്തിൽ ആകെയുള്ള വോട്ടർമാരിൽ അഞ്ചുശതമാനത്തിൽ കുറയാതെ പട്ടികജാതിവർഗ്ഗത്തിൽപ്പെട്ട വോട്ടർമാർ ഉണ്ടായിരുന്നാൽ മാത്രമാണ് ഒരു റിസർവേഷൻ സീറ്റിനു അനുവാദം കൊടുക്കുന്നത്.

(ബി) നാലാം വാർഡിലാണ്.

(സി) പ്രസ്തുത വാർഡിൽ 346 പട്ടികജാതിക്കാരായ വോട്ടർമാരുണ്ട്.

(ഡി) അയ്ക്കാട്ട, ഇടഞ്ഞിട്ട, എന്നീ വാർഡുകളിൽ 265—ം, 285—, വീതം പട്ടികജാതിക്കാരായ വോട്ടർമാരുണ്ട്.

(ഇ) കൊടുമൺ വാർഡിലാണ് കൂടുതൽ. എന്നാൽ അയ്ക്കാട്ട് ഇടഞ്ഞിട്ട എന്നീ രണ്ട് വാർഡുകളിൽകൂടി 550 പേരുണ്ട്.

ശ്രീ. പി. സി. ആദിച്ചൻ : കൊടുമൺ വാർഡിൽനിന്നും രണ്ടുപേരെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി അങ്ങനെ ചെയ്തിട്ടുള്ളതാണെന്നും, ഞാൻ പറഞ്ഞ രണ്ട് വാർഡുകളും കൂട്ടിച്ചേർത്താൽ അതിലുള്ള പട്ടികജാതിക്കാരുടെ എണ്ണം കൊടുമണ്ണിൽ ഉള്ളതിനെക്കാൾ കൂടുതലുണ്ടെന്നും മിനിസ്റ്ററുടെ ഉത്തരത്തിൽ പറഞ്ഞു. അങ്ങനെയാണെങ്കിൽ മേലാലെങ്കിലും അതു ചെയ്യാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഏതെങ്കിലും ഒരു വാർഡിൽ കൂടുതൽ പട്ടികജാതിക്കാരുണ്ടെങ്കിൽ അവിടെ റിസർവേഷൻ അനുവദിക്കുക എന്നുള്ളതാണ് സ്വീകാര്യമായിട്ടുള്ളത്.

ശ്രീ. ടി. കൃഷ്ണൻ : കൊടുമൺ പഞ്ചായത്തിൽ റിസർവേഷൻ സീറ്റിലേക്ക് നാമനിർദ്ദേശം ചെയ്യായാക്കുന്ന് ആ സമയത്തു് 21 വയസ്സ് ഉണ്ടായിരുന്നില്ല എന്നുള്ള കാരണത്താൽ ഒരു എലക്ഷൻ പെറ്റീഷൻ കൊടുത്തിട്ടില്ലേ; അതു തീരുമാനമായിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : എലക്ഷൻ പെറ്റീഷൻ കൊടുത്തിട്ടുണ്ടോ എന്നെനിക്കിപ്പോൾ പറയാൻ സാദ്ധ്യമല്ല. അതിനു ആവശ്യമായ ഒരു വിധിയുണ്ടാകും. അതനുസരിച്ച മറ്റു നടപടികളും നടത്തും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പഞ്ചായത്തുകളും നോട്ടിഫൈ ചെയ്തതിനു ശേഷം വാർഡുകളുടെ പുനർ വിഭജനവും സംവരണ നിർദ്ദേശങ്ങളുമെല്ലാം നോട്ടിഫൈ ചെയ്തതിനെത്തുടർന്നു എന്തെങ്കിലും നിർദ്ദേശങ്ങളോ എതിർപ്പോ ഇല്ലാതിരിക്കെ ഇന്നത്തെ പരിതസ്ഥിതിയിൽ ആ വാർഡുകളും മാറുന്നതിനോ സംവരണം മാറുന്നതിനോ സാദ്ധ്യമാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ബഹുമാനപ്പെട്ട മെമ്പർ കാര്യം മനസ്സിലാക്കിതന്നെയാണു് ഈ കാര്യം ചോദിച്ചതു്. (ചിരി)

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : അല്ലാട്ടു്, ഇടഞ്ഞിട്ട ഈ രണ്ടു വാർഡുകളിലുംകൂടി, കൊട്ടമൺ വാർഡിലുള്ളതിനേക്കാളും കൂടുതൽ പട്ടികജാതിക്കാർ ഉണ്ടെന്നു സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു് അങ്ങനെ കൂടുതൽ വോട്ടേഴ്സുള്ള വാർഡു റിസർവേഷൻ വാർഡായി പരിഗണിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : രണ്ടു വാർഡും കൂട്ടിച്ചേർക്കണമെന്നാണോ പറയുന്നതു് ?

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : ഇന്നു റിസർവേഷൻ സീറ്റനുവദിച്ചിരിക്കുന്ന കൊട്ടമൺവാർഡും രണ്ടു വാർഡു കൂട്ടിച്ചേർത്തതാണു്. ആ വാർഡിലുള്ളതിനേക്കാളും കൂടുതൽ പട്ടികജാതി വോട്ടേഴ്സ് അല്ലാട്ടു്, ഇടഞ്ഞിട്ട വാർഡുകളും കൂട്ടിച്ചേർത്താൽ ഉണ്ടെന്നു പറയുന്നു. 346 വോട്ടേഴ്സുള്ള വാർഡു് റിസർവേഷൻ വാർഡായും, 550 വോട്ടേഴ്സുള്ള വാർഡു് റിസർവേഷൻ വാർഡല്ലാതെയും വരുന്നതു ശരിയാണോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ആ കെയുള്ള വോട്ടേഴ്സിന്റെ സംഖ്യകൂടി പരിഗണിച്ചിട്ടാണു് വാർഡു വിഭജനം നടത്തുന്നതു്. ഇപ്പോൾ പറയുന്ന വാർഡുതന്നെ റിസർവേഷൻ വാർഡായി സ്വീകരിക്കണമെന്നു പറഞ്ഞാൽ, പട്ടികജാതി വോട്ടർമാരെ ഒരു വാർഡിൽനിന്നു മറ്റൊരു വാർഡിലേക്കു് മാറ്റി താമസിപ്പിക്കേണ്ടതായി വരും. അതു വിഷമമായിത്തീരും.

നിരാലംബർക്കും അംഗവൈകല്യമുള്ളവർക്കും നൽകുന്ന സഹായം.

* 321. (8) ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗവൈകല്യമുള്ളവർക്കും നിരാലംബരായ വിധവകൾക്കും സഹായം ചെയ്യാൻ വല്ല പദ്ധതിയും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേന്ദ്ര ആഭ്യന്തര വകുപ്പിൽനിന്നും ഈ ഇനത്തിൽ വല്ല സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(സി) അടുത്ത സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ട നടപടികളും സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): (എ) അംഗവൈകല്യമുള്ളവർക്കും, നിരാലംബരായ വിധവകൾക്കും സഹായം നൽകാനുള്ള ഒരു പദ്ധതി, 1-1-1964 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ടു്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ആർ. വിജയൻ: 1-1-1964 മുതൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നു പറഞ്ഞു. ഇതിനു് അപേക്ഷിക്കാനുള്ള ഫാറം ഇതുവരെ വിതരണം

LIBRARY ARCHIVES Kerala Legislative Assembly